ഉത്തരം

(എ) ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിൽ അംഗൻവാടി വർക്കർമാർക്കായി സംവരണംചെയ്ത ഒഴിവുകളിലേക്ക് നിയമനം നൽകുന്നതിനുള്ള റാങ്ക് ലിസ്റ്റ് നിലവിലുണ്ട്.

(ബി) ലിസ്റ്റ് 24-6-2010-ൽ നിലവിൽവന്നു. മെയിൻ ലിസ്റ്റിൽ 821 പേരും സപ്ലിമെന്ററി ലിസ്റ്റിൽ 348 പേരും ഉൾപ്പെട്ടിട്ടുണ്ട്.

(സി) 29% ഒഴിവുകൾ.

(ഡി) 205 പേരെ നിയമിച്ചു.

(ഇ) ടി റാങ്ക് ലിസ്റ്റ് അംഗൻവാടി വർക്കർമാർക്ക് മാത്രമായി സംവരണം ചെയ്യപ്പെട്ടിട്ടുള്ളതാണ്.

(എഫ്) ജനറൽ വിഭാഗത്തിന് അർഹതപ്പെട്ട 52 ഒഴിവുകൾ നിലവിലുണ്ട്. ആയത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ജി) 59 പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

സാമൂഹ്യക്ഷേമവകുപ്പിലെ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ

91 (1819) പ്രൊഫ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പിൽ ഐ.സി.ഡി.എസ്. സൂപ്പർ വൈസർമാരായി കരാർ വ്യവസ്ഥയിൽ ജോലിചെയ്ത എത്രപേർക്ക് ഈ സർക്കാരിന്റെ കാലത്ത് സ്ഥിരനിയമനം നൽകിയിട്ടുണ്ട് ;

(ബി) ഈ കാലയളവിലെ ഒഴിവുകളുടെ എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്നുവോ ;

(സി) കരാർ അടിസ്ഥാനത്തിൽ ജോലിചെയ്ത്, സ്ഥിര നിയമനം ലഭ്യമായവരുടെ വിശദവിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ ?

ഉത്തരം

(എ) 59 പേർക്ക് സ്ഥിരനിയമനം നൽകി.

(ബി) പ്രസ്തുത കാലയളവിലെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ട എല്ലാ ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) സ്ഥിരനിയമനം ലഭ്യമായവരുടെ ലിസ്റ്റ് അനുബന്ധമായി വച്ചിട്ടുണ്ട്.*

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിയമനം

92 (1820) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തുവന്ന അടിസ്ഥാനയോഗ്യത ഇല്ലാത്തവരെ സ്ഥിരപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വ്യവസ്ഥകൾ എന്തെന്ന് അറിയിക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly